# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 4179 — 24.06.2019-ൽ മറുപടിയ്ക്ക്.

## പ്രളയ ദുരിതാശ്വാസ നിധിയിൽ നിന്നും ക്ഷീരകർഷകർക്ക് ചെലവഴിച്ച തുക

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.അനിൽ അക്കര** | **ശ്രീ.കെ രാജു**<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) 2018 ഓഗസ്റ്റ് മാസത്തിൽ ഉണ്ടായ പ്രളയത്തിൽ എത്ര കന്നുകാലികൾക്കാണ് ജീവൻ നഷ്ടപ്പെട്ടത് എന്ന് വെളിപ്പെടുത്താമോ; | (എ) 2018-ലെ പ്രളയത്തിൽ 5163 കറവ പശുക്കൾ, 1228 കിടാരികൾ, 5166 കന്നുകുട്ടികൾ, 541 എരുമകൾ, 6380 ആടുകൾ എന്നിവ നഷ്ടപ്പെട്ടുപോയതായിട്ടാണ് കണക്കാക്കിയിരിക്കുന്നത്. കൂടാതെ 10612 കാലിത്തൊഴുത്തുകൾ പൂർണ്ണമായും 7730 കാലിത്തൊഴുത്ത് ഭാഗീകമായും നശിച്ചുപോയിട്ടുണ്ട്. |
| (ബി) സംസ്ഥാനത്തെ പ്രളയ ദുരിതാശ്വാസ നിധിയിൽ നിന്നും എത്ര ക്ഷീരകർഷകർക്ക് എത്ര കോടി രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ? | (ബി) പ്രളയദുരിതാശ്വാസ നിധിയിൽ നിന്നും ക്ഷീരവികസന വകുപ്പിന് ധനസഹായം ഒന്നും ലഭിച്ചിട്ടില്ല. എന്നാൽ ക്ഷീരവികസന വകുപ്പിന്റെ വാർഷിക പദ്ധതി ഫണ്ട് വിനിയോഗിച്ച് 22 കോടി രൂപയുടെ ഒരു പ്രത്യേക ഫ്ലഡ് റിലീഫ് റീഹാബിലിറ്റേഷൻ പ്രോഗ്രാം നടപ്പിലാക്കിയിട്ടുണ്ട്. ഇതിനുപുറമേ മൃഗസംരക്ഷണ വകുപ്പുമായി ബന്ധപ്പെട്ട്, പ്രളയത്തിൽ ഉരുക്കൾ നഷ്ടപ്പെട്ട 39169 കർഷകർക്ക് ദുരന്തനിവാരണ മാനദണ്ഡ പ്രകാരം 21,99,47,640/- രൂപ നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ പ്രളയബാധിത പ്രദേശങ്ങളിൽ 2,68,13,400/- രൂപയുടെ കാലിത്തീറ്റ വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ